# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്., വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - ജില്ലാ ശിശു സംരക്ഷ യുണിറ്റുകൾക്ക് 2020-21 സാമ്പത്തിക വർഷത്തെ സ്പോൺസർഷിപ്പ്/ ഫോസ്റ്റർകെയർ പദ്ധതി അധിക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) 13.11.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.
2) 16.11.2020 ലെ പാലക്കാട് ഡി.സി.പി.ഒ.യുടെ കത്ത് നമ്പർ-ഡി.സി.പി.യു/പി.കെ.ഡി/എഫ്/69/16
3) 03.11.2021 ലെ ഈ ഓഫീസിലെ ICPS4(C)/0722/20 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ ICPS 4(C)/2989/20 തീയതി : 01.12.2020

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളായ ജില്ലാ ശിശു സംരകഷണ യൂണിറ്റുകൾക്ക് 2020-21 സാമ്പത്തിക വർഷം സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിയിൽ ആകെ 1,07,16,000/- രൂപ മേൽ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. സൂചന (2) പ്രകാരം പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിക്കായി തുക അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം സ്റ്റേറ്റ് സ്പോൺസർഷിപ്പ് പദ്ധതിക്കായി (വിജ്ഞാനദീപ്തി) 1,96,68,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വനിതാ ശിശു വികസന വകുപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്ന ഐ.സി.പി.എസ്. ഗൈഡ് ലൈൻ പ്രകാരമുള്ള സ്പോൺസർഷിപ്പ്/ഫോസ്റ്റർകെയർ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 10,00,000/- രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ സൂചന (1) പ്രകാരം 10,00,000/- രൂപയിൽ താഴെ അനുവദിച്ച ജില്ലകളിൽ ബാലൻസ് തുക സ്പോൺസർഷിപ്പ്/ഫോസ്റ്റർകെയർ പദ്ധതിക്കായി ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തുക അനുവദിക്കേണ്ടത് | അനുവദിച്ച തുക | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം | 7,76,000/- | 2,24,000/- |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കൊല്ലം | 7,06,000/- | 2,94,000/- |
| 3 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പത്തനംതിട്ട | 9,84,000/- | 16,000/- |
| 4 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ | 5,70,000/- | 4,30,000/- |
| 5 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോട്ടയം | 9,60,000/- | 40,000/- |
| 6 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ഇടുക്കി | 4,88,000/- | 5,12,000/- |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ, എറണാകുളം | 9,96,000/- | 4,000/- |

| | | | |
|---|---|---|---|
| 8 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ | 10,00,000/- | - |
| 9 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട്. | - | 10,00,000/- |
| 10 | ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം | 9,60,000/- | 40,000/- |
| 11 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട് | 6,42,000/- | 3,58,000/- |
| 12 | ജില്ലാ വനിത ശിശു വികസന ഓഫീസർ, വയനാട് | 6,34,000/- | 3,66,000/- |
| 13 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ | 10,00,000/- | - |
| 14 | ജില്ലാ വനിത ശിശു വികസന ഓഫീസർ കാസർകോഡ് | 10,00,000/- | - |
| | **ആകെ തുക** | **1,07,16,000/-** | **32,84,000/-** |

മേൽപട്ടിക പ്രകാരം സ്പോൺസർഷിപ്പ്/ഫോസ്റ്റർകെയർ പദ്ധതിക്കായി ആകെ **32,84,000/- (മുപ്പത്തി രണ്ട് ലക്ഷത്തി എൺപത്തി നാലായിരം രൂപ മാത്രം)** ഐ.സി.പി.എസ്.ൻെറ ശീർഷകമായ **2235 – 02 – 102 – 61 (P) 34 OC - ൽ** നിന്നും വഹിയ്ക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. അതാതു വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഐ.സി.പി.എസ്. പദ്ധതി പ്രകാരം സ്പോൺസർഷിപ്പ്/ഫോസ്റ്റർ കെയർ പദ്ധതിക്ക് അനുവദിക്കുന്ന പത്ത് ലക്ഷം രൂപയിൽ അധികരിച്ചു വരുന്ന തുക മാത്രമേ വിജ്ഞാനദീപ്തി പദ്ധതിക്കായി വിനിയോഗിക്കാവു. സ്പോൺസർഷിപ്പ്/ഫോസ്റ്റർ കെയർ പദ്ധതിക്ക് അനുവദിക്കുന്ന പത്ത് ലക്ഷം രൂപയിൽ നിന്നും ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിക്കായും തുക വിനിയോഗിക്കാവുന്നതാണ്. ആയതിൻെറ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഡി.സി.പി.ഒ. മാർ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി,SCPS

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
പകർപ്പ്:

1. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.
2. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
3. ICPS 4 & സ്റ്റോക്ക്ഫയൽ

4. Website

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം മാനേജർ